NS (3)/21147/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 30/08/2016

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം: പൊതു വിദ്യാഭ്യാസം -സ്കൂൾ മാപ്പിംഗ്, സ്കൂൾ അപ്ഗ്രേഡേഷൻ- സംബന്ധിച്ച്.

സൂചന: 1) 11.05.2016 തീയതിയിലെ ഇതേ നമ്പർ വിജ്ഞാപനം
2) 25.07.2016 ലെ ഇതേ നമ്പർ കത്ത്.
3) 26.07.2016 ലെ ഇതേ നമ്പർ സർക്കുലറും, പ്രഫോർമയും

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൻമേൽ ജില്ല, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് മുൻപാകെ ലഭ്യമായ പരാതിയുടെ വിശദവിവരവും പരാതിക്കാരുടെ വ്യക്തമായ മേൽവിലാസവും അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശേഖരിച്ച് ക്രോഡീകരിച്ച് ഇ-മെയിൽ മുഖാന്തിരം ഈ ഓഫീസിലേക്ക് ലഭ്യമാക്കുന്നതിനായി സൂചന (2) മുഖേന ആവശ്യപ്പെട്ടിരുന്നു. ആയത് ഇതുവരെയും മുഴുവനായും ലഭ്യമാക്കിയിട്ടില്ല.

ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെ കീഴിൽ നടക്കുന്ന പ്രവർത്തനമായതിനാൽ സമയബന്ധിതമായി പൂർത്തികരിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത റിപ്പോർട്ട് 03.09.2016 ന് മുൻപായി ഇ-മെയിൽ മുഖാന്തിരം ഈ ഓഫീസിലേക്ക് ലഭ്യമാക്കേണ്ടതാണ്.

ഓരോ പരാതിയും പ്രത്യേകം പരിശോധിച്ച് വിശദമായ റിപ്പോർട്ട് നിശ്ചിത പ്രഫോർമയിൽ 19.09.2016 ന് മുൻപായി സമർപ്പിക്കുന്നതിനായി സൂചന (3) പ്രകാരം ഉത്തരവായിരുന്നു. ആയത് ശേഖരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ 20.09.2016 തീയതിയിൽ ഈ ഓഫീസിൽ നേരിൽ സമർപ്പിക്കേണ്ടതാണ്. പരാതി ലഭ്യമല്ലാത്ത ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും പ്രസ്തുത കാര്യം രേഖപ്പെടുത്തിയ കത്ത് ശേഖരിക്കേണ്ടതാണ്. ഈ വിഷയം സമയബന്ധിതമായി തീർപ്പാക്കേണ്ടതിനാൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. (ഇ-മെയിൽ വിലാസം-dpinewschool@gmail.com)

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)

പകർപ്പ്:
എല്ലാ ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും